105

272

നീതിബോധോദയം



1211

എൻ. ശങ്കരൻനായർ.

No: 272. 105

നീതിബോധോദയം.



നാലാം പതിപ്പ് — 1000.

ഗ്രന്ഥകർത്താ:
എൻ. ശങ്കരൻനായർ,
Retired Malayalam Pandit, Victoria College, Palghat.

Published by
പരേതനായ ശങ്കരൻനായരുടെ മകൾ
നെയ്തിലത്തു ലക്ഷ്മിക്കുട്ടി അമ്മ,
കൊല്ലങ്കോട്.
1938.

Price As. 4½] [വില 4അണ 6പൈ.

പകർപ്പവകാശം ടി. ലക്ഷ്മിക്കുട്ടി അമ്മയ്ക്കുള്ളതാകുന്നു.

പ്രസ്താവന.

രാമായണം, ഭാരതം മുതലായ പൌരാണികഗ്രന്ഥങ്ങളിൽനിന്നു് സന്ദർഭോചിതങ്ങളായ ഉദാഹരണങ്ങൾ ഉദ്ധരിച്ചു സൽകൃത്യങ്ങളുടേയും ദുഷ്കൃത്യങ്ങളുടേയും ഗുണദോഷങ്ങളെ അനുഭവപ്പെടുത്തി ജനങ്ങളിൽ, പ്രത്യേകിച്ചും ഭാവിപൌരന്മാരായ വിദ്യാർത്ഥികളിൽ, നീതിബോധമുണ്ടാക്കത്തക്ക ഉദ്ദേശത്തോടുകൂടി എന്റെ പ്രിയപിതാവു് എഴുതിയിട്ടുള്ളതാണു് ഈ കൃതി. പുസ്തകം എഴുതിത്തീർന്നുവെങ്കിലും അതച്ചടിയ്ക്കുവാൻ സാധിക്കുന്നതിനു മുമ്പു് അദ്ദേഹം ദിവംഗതനാവുകയാണുണ്ടായതു്. അച്ഛന്റെ മരണത്തോടുകൂടി എല്ലാവിധ കഷ്ടപ്പാടുകളും സഹിച്ചു കഴിയുന്ന എനിക്കു് അദ്ദേഹത്തിന്റെ വാഗ്ദാനപ്രകാരം ഇതച്ചടിച്ചു പ്രസിദ്ധീകരിയ്ക്കുന്നതിനു് ഇതേവരെ സാധിച്ചില്ല. പിതൃസുഹൃത്തുക്കളായ പല മാന്യന്മാരുടേയും പ്രോത്സാഹനങ്ങളും ഉപദേശങ്ങളും പുസ്തകം അച്ചടിക്കുന്നതിനു് എന്നിൽ കൂടുതൽ ആഗ്രഹമുളവാക്കിയിരുന്നു.

അച്ഛന്റെ മറ്റു പുസ്തകങ്ങൾ സസന്തോഷം സ്വീകരിച്ച മാന്യജനങ്ങളും, വിദ്യാലയാധികൃതന്മാരും സദാചാരപരമായ അദ്ദേഹത്തിന്റെ ഈ അന്ത്യകൃതിയും ദയാപൂർവ്വം സ്വീകരിച്ചു് എന്നെ സഹായിക്കുമെന്നു

വിനീതമായി അഭ്യർത്ഥിച്ചുകൊണ്ടു ഞാൻ ഈ പുസ്തകം സജ്ജനസമക്ഷം സാദരം സമർപ്പിച്ചുകൊള്ളുന്നു.

എന്നു്,

നെയ്യിലത്തു് ലക്ഷ്മിക്കുട്ടിയമ്മ.

നാലാം പതിപ്പു്.

ഈ ചെറുഗ്രന്ഥം, പല വിദ്യാലയങ്ങളിൽ ഉപയോഗിച്ചും, പല ഉപാദ്ധ്യായന്മാരുടെ അഭിപ്രായമനുസരിച്ചും, ഉപാദ്ധ്യേതാക്കൾക്കു വളരെ ഉപകാരപ്രദമാണെന്നു കാണുകയാലാണു് ഇത്രയും വേഗം ഈ നാലാം പതിപ്പു് അച്ചടിപ്പിക്കുവാൻ ഞാനൊരുങ്ങിയതെന്നു മാത്രം പറഞ്ഞുകൊള്ളുന്നു.

എന്നു്,

25—3—14. നെയ്യിലത്തു് ലക്ഷ്മിക്കുട്ടിയമ്മ.

വിഷയവിവരം.

		പേജ്.
	ഒന്നാം വൃത്തം	
1.	സർവ്വോത്തമസേവനം	2
2.	ധർമ്മരക്ഷണം	
3.	ബന്ധുവിരോധവർജ്ജനം	3
4.	സമയപ്രതിക്ഷ	
5.	ജനാപവാദഭയം	
6.	ഐശ്വര്യമദവർജ്ജനം	4
7.	ദുർജ്ജനസഹവാസവർജ്ജനം	
8.	സാമവാക്യപ്രയോഗം	5
9.	മൂഢോപദേശവർജ്ജനം	
10.	ദുഷ്ടസ്ത്രീ വിശ്വാസവർജ്ജനം	
	രണ്ടാം വൃത്തം.	
1.	ബലവാനോട് എതിർക്കരുത്	6
2.	ശരീരരക്ഷണം	
3.	പരിഹാസവർജ്ജനം	7
4.	ദ്യൂതവർജ്ജനം	
5.	യാചകരക്ഷണം	
6.	മിത്രവാക്യരക്ഷണം	8
7.	മഹാജനനിന്ദാവർജ്ജനം	
8.	ഒരു വസ്തുവിനെ രണ്ടുപ്രാവശ്യം ദാനംചെയ്യരുത്.	9
9.	സമാനദുഃഖന്മാർക്ക പരസ്പരം സ്നേഹം ഉണ്ടാകും	
10.	അവസരോചിതകൃത്യം	
	മൂന്നാം വൃത്തം.	
1.	കാര്യം പെട്ടെന്നു ചെയ്യരുത്	10
2.	ഗുരുഹിതം സാധിപ്പിക്കണം	
3.	യശസ്സിന്നുവേണ്ടി സാഹസം	11

4. ദുഷ്ടരുമ്മവജ്ജനം 11
5. ദുഷ്ടശിക്ഷ അത്യാവശ്യകമാണ്
6. ശത്രുവായാലും വലത്തവനെ രക്ഷിക്കണം 12
7. ദുർജ്ജനങ്ങളുടെ ഗതനാകരുത്
8. പാപഫലം ദുഃഖം 13
9. വിഷയേഛ അപരിത്യാജ്യമാണ്
10. ലോകസുഖം ക്ഷണഭംഗുരം

നാലാം വൃത്തം.

1. ദുഃഖിതാനുശോചനം 14
2. ആരംഭിച്ചതവസാനിപ്പിക്കണം
3. ദൈവഗതി വിചിത്രമാണ്
4. ധർമ്മത്തേയും അർത്ഥത്തേയും ഒരേവിധം സേവിക്കണം 15
5. മഹത്വം സിദ്ധിപ്പാൻ മഹാനെ ആശ്രയിക്കണം
6. വൃദ്ധന്മാരിൽനിന്നു സന്മാർഗ്ഗബോധം ജനിപ്പിക്കണം
7. സർവ്വവിധത്തിലും സ്വാത്മരക്ഷ ചെയ്യണം 16
8. ആപത്തിൽ മിത്രത്തെ ആശ്രയിക്കണം
9. നഗ്നസ്ത്രീവീക്ഷണം നിഷിദ്ധം 17
10. കാര്യം നിർവ്വഹിപ്പാൻ ശരിയായ തുണിയുള്ളവരെ ഏല്പിക്കണം

അഞ്ചാം വൃത്തം.

1. വിനയം നടിക്കുന്ന ഖലിയനെ വിശ്വസിക്കരുത് 18
2. ദുഷ്ടരാജാവിന്റെ രാജ്യത്തിൽ വസിക്കരുത്
3. അസ്ഥാനക്രോധം നന്നല്ല 19
4. ശരണാഗതരക്ഷണം
5. കുത്സിതകർമ്മനിഷേധം 20
6. സജ്ജനസഹവാസത്തോടെ സമയം കഴിച്ചുകൂട്ടണം
7. പരോപദേശജ്ഞാനം
8. ദുഷ്ടവന്ദനമകലത്തുവെച്ചുവേണം ചെയ്യാൻ 21
9. മരണത്തെത്തടുപ്പാൻ കഴികയില്ല
10. ജഗത്ത് സത്തല്ലെന്നുള്ളബോധം

ആറാം വൃത്തം.

1. വിഷയഭ്രമം വജ്ജ്യമാണ് 22
2. മഹാപുരുഷന്മാരെ വന്ദിക്കണം
3. പരസ്ത്രീകളെ കാംക്ഷിക്കരുതു് 23
4. നിസ്സഹായനായി ശത്രുമദ്ധ്യത്തിൽ പ്രവേശിക്കരുതു്
5. കഷ്ടാവസ്ഥയെ വെളിപ്പെടുത്തരുതു്
6. ഘോരമായ നിജധർമ്മത്തേയും രക്ഷിക്കണം. 24
7. ദാനം യഥായോഗ്യമായിരിക്കണം
8. മദ്ധ്യപാനവജ്ജനം
9. ഒരിടത്തും ക്ഷണിക്കാതെ ചെല്ലരുതു്
10. വ്യാജവധം 25
11. ശത്രു സദാ ശങ്കനീയനാണ്

ഏഴാം വൃത്തം.

1. ശാന്തനായ താപസനെ കോപിതനാക്കരുതു് 26
2. കാമുകനാകരുതു്
3. ഗർവ്വവജ്ജനം 27
4. സ്ഥിരോത്സാഹം വേണം
5. പ്രമദകളെ അതിയായി മാനിക്കരുതു് 28
6. ശഠവിവാദവജ്ജനം
7. ബന്ധുവിന്റെ ശത്രുവിനെ സ്വന്തശത്രുവിനെപ്പോലെ വിചാരിക്കണം 29
8. അന്യനയത്താലുണ്ടായ നന്മ
9. ശത്രുചെയ്ത കുറവും ക്ഷമിക്കണം 30

എട്ടാം വൃത്തം.

1. വൈരകാരണത്തെ വജ്ജിക്കണം 30
2. സർവ്വർക്കും ഹിതമായ കാര്യമാചരിക്കണം 31
3. വൈരത്തിനു മുഖ്യകാരണം സ്ത്രീയാണെന്നു ബോധിക്കണം
4. നീചത്വമുള്ളവരെ സ്വഗൃഹത്തിൽ പാർപ്പിക്കരുതു്

5 ദുഷ്പ്രാപ്യമായ കാര്യത്തിൽ ഗർവ്വത്താൽ ഹഠാൽക്കാരം നന്നല്ല 32
6. ശത്രുവിന്റെ വിരോധിയെ സ്നേഹിതനാക്കണം
7. കാര്യാർത്ഥി മാനത്തെ വഹിക്കരുത്
8. സജ്ജനശാപം ഗുണകരമാണെന്നറിയണം 33
9. അല്പമാനത്താൽ ഭ്രഷ്ടിയെ രക്ഷിക്കണം
10. കഴിഞ്ഞതിനെക്കുറിച്ചു ദുഃഖിക്കരുത്

ഒമ്പതാം വൃത്തം.

1. ഭാവിയോർത്തു വ്യസനിക്കരുത് 34
2. ബുദ്ധിമാൻ സ്വവൃത്തിയെ അനുവർത്തിക്കും
3. പ്രഭുവിന്റെ മനസ്സിനെ അനുവർത്തനം ചെയ്യണം 35
4. ഒന്നിലധികം ഭാര്യമാരുള്ളവൻ ഒരുത്തിയിൽമാത്രം പ്രീതിവെയ്ക്കരുത്
5. ശിക്ഷാർഹനല്ലാത്തവനെ ശിക്ഷിക്കരുത് 36
6. രാത്രിയിൽ ഗാഢനിദ്ര നന്നല്ല
7. കാലാനുരൂപമായ ശീലത്തെ വഹിക്കണം 37
8. കാര്യം വിനയത്തോടുകൂടി സാധിപ്പിക്കണം
9. രാജാവിനെ ബന്ധുവായി കരുതരുത് 38
10. പൂർവ്വസ്ഥിതിയെ രക്ഷിക്കണം

പത്താം വൃത്തം.

1 വീരൻ യുദ്ധത്തിൽ പിൻതിരിയരുത് 39
2. താണവരിൽനിന്നും സൽഗുണം ഗ്രഹിക്കണം
3. മായാവിയിൽ മായയെ പ്രയോഗിക്കരുത്
4. തനിയെ കാട്ടിൽ സഞ്ചരിക്കരുത് 40
5. കള്ളസാക്ഷി പറയരുത്
6. പുത്രരിൽനിന്നു പരാജയത്തെ ഇച്ഛിക്കണം
7. ദുഃഖം ബന്ധുവിനെ അറിയിക്കണം 41
8. ഭീതൻ വിഷ്ണുവിനെ ശരണം പ്രാപിക്കണം
9. വിധിയെ അനുസരിച്ചു പ്രവർത്തിക്കണം
10. സതോ ഹിതോപദേശത്തെ കേൾക്കണം 42



നീതിബോധോദയം

സൂക്ഷ്മസ്ഥിതി

(ആര്യാഗീതി.)

1. പ്രകൃതിജ്ഞാനം ബുദ്ധി
പ്രകൃതിസമാനം ഭവിക്കുമേവക്കും
വികസിതചിത്തന്മാക്കേ
വികസിപ്പൂ പ്രകൃതിവാസുവജ്ഞാനം.

(ശാർദ്ദൂലവിക്രീഡിതം.)

2. ന്യായത്തിൽ സ്ഥിതിയാന്വവന്നു സതതം
തിയ്യ്ക്കുപോലും പരം
മായം വിട്ടു സഹായമാകുമതിനി-
ല്ലേതും വിവാദം ഭവി;
ഡീയേവന്നവനാകിലും വഴിപിഴ-
ച്ചീടും പുമാനെ ദ്ധ്രുതം
സ്ഥായിക്കോട്ടയിൽനിന്നു സോദരനുമേ
ദൂരത്തകറും ദുഡം.

ശ്രീ
ഒന്നാം വൃത്തം.

(മഞ്ജരി)

1. സർവ്വോത്തമസേവനം.

മൂത്തിത്രയത്തിങ്കലുൽക്കൃഷ്ടമാക്കെന്നു
പാർത്തറിഞ്ഞീടുവാൻ കാംക്ഷയോടെ. 1
തത്ത്വജ്ഞശ്രേഷ്ഠൻ ഭൃഗുമുനിയേകദാ
ശ്രദ്ധയാ പാരം പരീക്ഷിച്ചപ്പോഠം. 2
ദൈത്യാരിതന്നെ മഹത്ത്വമേറുന്നോനെ-
ന്നത്യന്തം ചിത്തത്തിൽ ബോധമാന്നാൻ. 3
സർവ്വോത്തമനായ വിഷ്ണുഭഗവാൻ താൻ
സർവ്വർക്കും സർവ്വദാ സേവ്യൻ നൂനം. 4

2. ധർമ്മരക്ഷണം.

രുഗ്മാംഗദഭൂപൻ മോഹിനീവാക്യത്താൽ
തിഗ്മമാം ഖഡ്ഗംകൊണ്ടാത്മജനെ. 5
ചിത്തചാഞ്ചല്യം വെടിഞ്ഞു വധിച്ചു തൻ-
സത്യോക്തിയെപ്പരിപാലിച്ചു തേ. 6
സങ്കടത്തിങ്കലും ധർമ്മത്തെയാരുമേ
സംത്യജിച്ചീടരുതൊട്ടുപോലും.

3. ബന്ധുവിരോധവർജ്ജനം.

തന്റെ ഹിതത്തിങ്കൽ കാംക്ഷയേറുന്നോരു
തന്റെ സഹോദരനായീടുന്ന. 8
തന്റേടമേറും വിഭീഷണനെ ക്രുധാ
തൻരാജധാനിയിൽനിന്നു വേഗം 9
രാക്ഷസരാജനാകുന്നൊരു രാവണൻ
നിഷ്കാസിച്ചീടിനാനെന്ന മൂലം. 10
പത്തുമുഖനും വിപത്തിയെ പ്രാപിച്ചു
മിത്രവിരോധം ശുഭമല്ലാക്കും. 11

4. സമയപ്രതീക്ഷ.

രാജ്യം ഹരിച്ചു പുറത്താക്കിത്തങ്ങളെ
പൂജ്യതപം പൂണ്ട ദുര്യ്യോധനനെ 12
മൃത്യുപുരത്തിലയപ്പാനായ് ചാതുര്യ്യ-
മത്യന്തം തങ്ങഠംക്കുണ്ടായിട്ടും, 13
വീരരാം കൌന്തേയർ കാട്ടിൽ സ്ഥിതിചെയ്യു;
ധീരന്മാർ കാലത്തെക്കാത്തിരിക്കും. 14

5. ജനാപവാദഭയം.

സൂരപ്രസാദത്താൽ ലബ്ധമാകും മനോ-
ഹാരി സ്യമന്തകം മൂലമായി 15
സത്രാജിത്താരോപിച്ചുള്ളോരപവാദ-
മത്യർത്ഥം ദൂരത്തകറീടുവാൻ, 16
സത്യസ്വരൂപനാം കൃഷ്ണൻ ജഗദീശൻ
സദ്യഃ കപീന്ദ്രനാം ജാംബവാനെ 17

മുഷ്ടിയുദ്ധംചെയ്യു തോല്പിച്ചാ രത്നത്തെ
ക്ലിഷ്ടതയെന്നിയേ കയ്യലാക്കി 18
സത്രാജിത്തിനേകി, നേരിട്ടപവാദ-
പ്രശമനംചെയ്യു വണീടിനാൻ. 19
ലോകാപവാദത്തെസ്സംശയമെന്നിയേ
ലോകരഖിലരും പേടിക്കേണം. 20

---

6. ഐശ്വര്യമദവർജ്ജനം.

ചക്രവർത്തിസ്ഥാനം പ്രാപിച്ച ഗർവ്വത്താൽ
വിക്രമശാലി നഹുഷഭൂപൻ. 21
സൽക്കരിക്കേണ്ട മുനിപ്രവരന്മാർക്ക-
ങ്ങാകുരുന്നിൽ കോപം വർദ്ധിപ്പിച്ചു; 22
അമ്മുനിമാരും ഭുജംഗമായ്ത്തീരുവാ-
നന്യപൻതന്നെശ്ശപിച്ചീടിനാർ. 23
പെട്ടെന്നഹിയായ്ഭവിച്ച നൃപോത്തമൻ
കഷ്ടമധോഗതിയെ പ്രാപിച്ചു. 24
വിശ്വനിവാസികളാരുമതുമൂല-
മൈശ്വര്യമത്തരായ്ത്തീരുതേ! 25

---

7. ദുർജ്ജനസഹവാസവർജ്ജനം.

രാമസഹധർമ്മിണിയായ സീതയെ
രാവണൻ കാട്ടിൽനിന്നാഹരിച്ചു. 26
വാരിധിബന്ധനം പ്രാപിച്ചു; ദുർജ്ജന-
ചാരത്തു വാസം വിവർജ്ജിക്കേണം. 72

---

8. സാമവാക്യപ്രയോഗം.

കംസൻ കൃപാണത്താൽ ദേവകിയെ ഗ്രതം
ഹിംസിപ്പാനായിത്തുനിഞ്ഞനേരം 28
സാമവാക്കോതി വസുദേവൻ കംസനെ
കാമം സമാധാനിപ്പിച്ചീടിനാൻ. 29
മൂർഖജനങ്ങളെസ്സാമവാക്യംകൊണ്ടു
വെക്കം വശത്താക്കിത്തീർത്തിടേണം. 30

9. മൂഢോപദേശവജ്ജനം.

ഭ്രാതാവേ! കേൾക്ക മഹദതിചാരങ്ങ-
ളേതുവിധത്തിലും നന്നല്ലെന്ന 31
ഉക്തി ഘോഷിച്ചോരു വിത്താധിനാഥനെ
യുദ്ധത്തിൽ ബന്ധിച്ച പങ്ക്തികണ്ഠൻ. 32
ആരുമൊരുത്തരും മൂഢമതിയോട്ട
സാരോപദേശത്തെ ചെയ്യീടൊല്ലേ! 33

10. ദുഷ്ടസ്ത്രീവിശ്വാസവജ്ജനം.

രാജാ ദശരഥൻ കൈകേയിതന്നുടെ
വ്യാജപ്രയുക്തവചനങ്ങളിൽ 34
വിശ്വാസമാർന്നു വരമവൾക്കേകയാൽ
പശ്ചാത്തപിക്കേണ്ടതായി വന്നം. 35
വിശ്വസിച്ചീടരുതംഗനമാർകളെ
നിശ്ചയം, ചാട്ടുകുതി ചൊല്ലിയാലും. 36

രണ്ടാം വൃത്തം.

(അന്നനട)

1. ബലവാനോടു് എതിൎക്കരുതു്.

അതിവ ഗൎവ്വത്താൽ ദശമുഖൻ ഗ്രതം
കൃതവീൎയ്യാത്മജനോടു പൊരുവാൻ 1
കരുങ്ങിച്ചെന്നൊരുസമയമാവീരൻ
കരപ്പംപോലുമേ പ്രയാസമെന്നിയേ 2
പിടിച്ചു ബന്ധിച്ചു ദശവദനനെ-
യടുത്തിട്ടന്നൊരു കളിമൃഗത്തെപ്പോൽ. 3
കരിക്കലും ബലം പെരുത്തവൻ തന്നോ-
ടരത്തു യുദ്ധത്തിന്നൊരുങ്ങരുതാരും. 4

2. ശൌൎയ്യരക്ഷണം.

അരക്കർ ബന്ധിച്ചുങ്ങടിച്ചു ബാലാഗ്രേ
പെരുത്തൊരഗ്നിയെ ജ്വലിപ്പിച്ചിട്ടമേ 5
മരുത്തിൻപുത്രനാം ഹനുമാനാം വീരൻ
കരിച്ചു വിട്ടിതു ദശമുഖപുരം. 6
കരിക്കലുമാപത്തടുത്തിരിക്കിലും
പരിത്യജിക്കൊലാ സ്വകീയശൂരത്വം. 7

3. പരിഹാസവജ്ജനം.

വിദഭ്ഭൂപാലതനയനാം ശ്രമീ
വിദശ്ശ്വഭാവേന ബലഭദ്രൻതന്നെ 8
ചലം പ്രയോഗിച്ചു ജയിച്ചു പൂതിക-
ളുറക്കവേ നന്നായ് പരിഹസിച്ചിതു. 9
കഠിനകോപേന ഹലിയവൻതന്നെ
ഝടിതി കാലന്തുക്കയച്ചാനന്നേരം. 10
ഒരിക്കലും പൂതുകളിയിൽ തോറോരാനെ
പരിഹസിക്കൊലാ സഭയിൽവെച്ചാശു. 11

4. ദ്യൂതവജ്ജനം.

ചതിയേറെച്ചൂതിൽ പ്രയോഗിപ്പാനെന്നും
ചതുരരാണെന്നു യശസ്സു നേടിയ 12
സുയോധനൻ, കണ്ണൻ, ശകുനി മുമ്പായോർ
യുധിഷ്ഠിരൻതന്നെ ജയിച്ചു ദ്യൂതത്തിൽ, 13
സപരാജ്യത്തിൽനിന്നു പുറത്തീക്കിനാ-
രുരുതു ധൂർത്തരോടൊരുമിച്ചു ദ്യൂതം. 14

5. യാചകരക്ഷണം.

കൃപാരഹിതരാം നിശാചരർ ചെയ്യു-
മുപദ്രവങ്ങളെയകറി യാഗത്തെ 15
പരിരക്ഷിക്കുവാൻ പരം യാചിച്ചീടും
പരമഷി ഗാധിതനയനായ്ക്കൊണ്ടു 16
ഹൃദയത്തിൽ ശങ്ക തരിമ്പുമെന്നിയേ
കുതൂഹലത്തോടെ പ്രിയകുമാരനെ 17

ദശദിക്കുകീർത്തിപ്രചുരിമ തിങ്ങും
ദശരഥനുപൻ വിതരണംചെയ്യു. 18
കരല്പനേരവും പിരിഞ്ഞിരിക്കുവാ-
നരുതാതെയുള്ള പദാർത്ഥത്തെപ്പോലും 19
കൊടുത്തുകൊള്ളുവിൻ മനുജരേ! നിങ്ങ-
ളടുത്തുവന്നിടും വലയുമർത്ഥിയ്ക്കു. 20

6. മിത്രവാക്യരക്ഷണം.

സദ്ധർമ്മരക്ഷണവ്രതം ചരിക്കുന്ന
യുധിഷ്ഠിരാദിയോടടരരുതെന്നു 21
വിദുരരോതിടും പ്രവചനങ്ങളെ
ധൃതരാഷ്ട്രർ തീരെ ഗണിച്ചതേയില്ല. 22
അതുമൂലം കുരുകുലം നശിച്ചിതു;
വിധൃതമാക്കൊല്ലാ സുഹൃദ്വചനത്തെ. 23

7. മഹാജനനിന്ദാവർജ്ജനം.

ക്രതുസമയത്തങ്ങസഭ്യവാക്കോതി
പ്രഥിതപൂജ്യനാം ത്രിവിക്രമൻതന്നെ 24
നിരാകരിക്കയാൽ ശിശുപാലൻതാനും
തരസാ നാശത്തെയടഞ്ഞുപോയിതു. 25
കരിടത്തുവെച്ചും മഹത്വമുള്ളോനെ
നിരാകരിക്കരുതൊരുത്തനും ലോകേ. 26

8. ഒരു വസ്തുവിനെ രണ്ടുപ്രാവശ്യം ദാനംചെയ്യരുത്.

സതതം ദാനശീലനായ്വിളങ്ങിടും
ക്ഷിതിപതിനൃഗനറിയാതെകണ്ടു 27

പുരാദത്തമായ പശ്ചവിനെത്തന്നെ
പുനരപി മറവ ചിജനു നൽകിനാൻ. 28
വികൃതമായൊരു കൃകലാസരൂപം
വിളംബമെന്നിയേ ധരിച്ചുകൊണ്ടിതു. 29
പുരാദത്തമായുള്ളൊരു വസ്തു, തരപം
ധരിക്കാതന്യനു കൊടുക്കൊല്ലാ വീണ്ടും. 30

9. സമാവദുഃഖന്മാക്കു പരസ്പരം സ്നേഹം ഉണ്ടാകും.

ഹൃതഭാര്യൻ രവിതനയൻ സുഗ്രീവൻ
ഹൃതഭാര്യനായ രഘുപതിയുടെ. 31
സഖാവായ്ത്തീന്നിതു; സമാനദുഃഖന്മാർ
സഖാക്കളാകുന്നതുചിതമെന്നുയും. 32

10. അവസരോചിതകൃത്യം.

ധനുഷ്ടയോഗത്തിലവനിമണ്ഡലേ-
യനുപമതപത്തെയടഞ്ഞൊരജ്ജുനൻ. 33
സപവേഷത്തെമാററി വിരാടത്തിൽ ചെന്നു
വിവേകത്തോടേറെ വസിച്ചു ഭൂപനേറ 34
കുമാരിമാരെത്താൻ പഠിപ്പിച്ചു നിത്യം
സമയം കാത്തുകൊണ്ടവിടെ മേവിനാൻ. 35
ഭുവനമണ്ഡലേ വസിക്കുന്നോർകളെ!
അവസരോചിതമതായ വൃത്തിയെ 36
അനുസരിക്കുവിൻ വികല്പമെന്നിയെ-
യതല്ലയാണ്ടിലോ കുഴപ്പം നേരിടും. 37

മൂന്നാം വൃത്തം.

(പ്രഹർഷിണി)

1. കായ്യം പെട്ടെന്നു ചെയ്യരുത്.

കണ്വൻ, തൻ നികടമണച്ച പുത്രനേയും,
തനുഭംഗീമണി നിജചാരുപത്നിയേയും
നന്നായിച്ചിരമകതാരിലോത്തുപിമ്പേ,
ദുഷ്യന്തക്ഷിതിരമണൻ വരിച്ചയച്ചു.
താൻ ചെയ്യാൻ കടമപെട്ടന്ന കായ്യമെല്ലാം
സ്വാന്തത്തിൽ സുചിരമതീവ ചിന്തയാന്നേ,
ചെയ്യാവൂ സതതമതല്ലയാഞ്ചിലൊട്ടും
പൊയ്യല്ലാ ഹിതവിപരീതകായ്യമുണ്ടാം. 2

2. ഗുരുഹിതം സാധിപ്പിക്കണം.

താതൻതൻ പ്രബലനിയോഗമൂലമൊട്ടും
ചേതസ്സിൽ പരശുധരൻ മടിച്ചിടാതെ
മാതാവിൻ തലയെയവത്തു പിമ്പുദോഷം
നീങ്ങീടാൻ പ്രതിവിധിചെയ്തു ശുദ്ധനായാൻ. 3
സ്വാതന്ത്ര്യം, പ്രഥ മുതലായ കായ്യമെല്ലാം
സാധിപ്പാൻ കുതുകമിയന്ന ലോകമെല്ലാം
താതാദി സ്വഗുരുസുമാന്യർചൊന്ന കായ്യം
സാധിപ്പിക്കണമുടനേ വിചാരമന്യേ. 4

3. യശസ്സിന്നുവേണ്ടി സാഹസം.

വാതാതിപ്രിയസുതനായിടും ഹനുമാൻ
ചേതസ്സിൽ ഭയകണമെന്നിയെ വിബാധം

വിസ്താരം ശതമിതയോജനം തികഞ്ഞും-
ള്ളബ്ധീശം സപദി കടന്നു കൂസലന്യേ. 5
വീരാഗ്രേസരനിതികീർത്തിപൂരധാമം
പാരാതേ ജഗതി പരത്തിനാൻ ഹനുമാൻ
പേരാശിച്ചിട്ടമൊരു വീരനാചരിക്കും
ധീരത്വത്തോടുമതിസാഹസം ജഗത്തിൽ. 6

4. ദുഷ്ക്കരകർമ്മവർജ്ജനം.

ലേഖൌഘപ്രഹിതനനംഗനാത്തഗർവ്വം
നാഗേന്ദ്രാഭരണജയത്തിലാശയോടേ
ചെന്നോരാസ്സമയമഹോ പ്രഹർത്തുമേറ്റം
തീർന്നാനബ്ഭസിതമതായ് വിളംബമന്യേ. 7
തന്നത്താനൊരുപൊഴുതും നിവൃത്തിയാക്കാൻ
വയ്യാതുള്ളതു നിനവെന്നി ചെയ്യുകൊൾവാൻ
ചെന്നീടിൽ സ്മരനു ഭവിച്ചപോൽ ഭവിക്കും
സന്ദേഹം നഹിയതിനെന്നു നിശ്ചയം താൻ. 8

5. ദുഷ്ടശിക്ഷ അത്യാവശ്യകമാണ്.

കാളിന്ദീനദിയിലമർന്നു കാളകൂടം
കാളിച്ചുങ്ങലകിനു ബാധ നൽകിടുന്ന
കാളാഹിപ്രവരനതായ കാളിയൻ തൻ
കോലത്തെക്കുശപിശയാക്കി കാൽചവിട്ടാൽ. 9
ദൂരത്താ നദിയതിൽനിന്നു വീക്കി വേഗം
ക്രൂരന്മാക്കൊരു യമനായ വാസുദേവൻ
കാരുണ്യം മതിയതിൽനിന്നു വിട്ട ദുഷ്ടൻ
ഭൂരായിടിലുമിഹ ബന്ധുനേരെ നൂനം. 10

6. ശത്രുവായാലും വലഞ്ഞവനെ രക്ഷിക്കണം.

ഇന്ദ്രൻ പണ്ടസുരകബന്ധമസൃകത്തെ
ഭിന്നിപ്പിച്ചിതു കുലിശപ്രയോഗശക്ത്യാ
എന്നിട്ടും മരണമടഞ്ഞതില്ലവൻ താ-
നന്നേരം സുരകുലനാഥനൊന്നു ചെയ്യാൻ. 11
ഭക്ഷിപ്പാനവനുതകുന്ന മട്ടിലേറാ-
വക്ഷസ്സിൽ ഝടിതി കൊടുത്തു വക്ത്രമേകം
കഷ്ടപ്പെട്ടഴലുമരിക്കുപോലുമെന്നും
ശിഷ്ടന്മാരുപകൃതിചെയ്യുമീഷലന്യേ. 12

7. ദുർജ്ജനങ്ങളുടെ ദൂതനാകരുത്.

ഉഗ്രക്കാമ്പിൽ കഠിനതപൂണ്ട പത്തുവക്ത്രൻ
സുഗ്രീവന്നതിമദമാൻകൊണ്ടയച്ച
സന്ദേശം സകലവുമംബരത്തിൽനിന്നും
സന്ദേഹക്കണികവിനാ ശുകൻ പറഞ്ഞു. 13
അന്നേരം കപിനിവഹം ചുഴന്നു വേഗം
നന്നായിട്ടവനെയഹോ പിടിച്ചുലട്ടി
എന്നും ദുർമ്മതിജനദൂതഭാവമാർക്കും
നന്നല്ലെന്നതിനണുപോലുമീഷലില്ലാ. 14

8. പാപഫലം ദുഃഖം.

ധർമ്മത്തെക്കണമപി വിട്ടിടാതെതന്നെ
കർമ്മത്തെ പ്രതിദിനമാചരിച്ചിടുന്ന
ധർമ്മാത്മോദ്ഭവനു മടർകളത്തി"ലശ്വ-
ത്ഥാമാ ഹാ! ഹത" നിതികള്ളവാക്കുരച്ചാൻ. 15

പിന്നീടാ യമസുതനന്ത്യമായ കാലേ
തൻ ഭ്രാതാക്കളെ നിരയത്തിൽവെച്ചു കണ്ടു
നന്നായങ്ങകമതിലത്തലാവഹിച്ചാ!-
നെന്നും വിട്ടൊഴയുകയില്ല പെയ്യുപാപം. 16

---

9. വിഷയേച്ഛ അപരിത്യാജ്യമാണ്.

അത്യന്തം വിഷയസുഖത്തിലാശമൂലം
പുത്രൻതൻ തരുണത വാങ്ങിയാ യയാതി
ചിത്തത്തിൽ കുതുകമിയന്നനേകകാലം
വ്യത്യസ്തം വിഷയസുഖൈഘമാസ്വദിച്ചു. 17
എന്നിട്ടും വിഷയവിരക്തനായിടാതേ
നിവ്വേദം നരപതിയങ്ങടഞ്ഞുകൊണ്ടാൻ;
നന്നായോർക്കണമതുമൂലമാർക്കുമെന്നും
പൂണ്ണതാം വിഷയസുഖങ്ങളിൽ പ്രയാസം. 18

---

10. ലോകസുഖം ക്ഷണഭംഗുരം.

യുദ്ധത്തിൽ ക്ഷിതിപതിതന്നെയും ജയിച്ചി-
ത്തൈലോക്യം മുഴുവനുമേ വശത്തുമാക്കി
ദൈത്യേന്ദ്രൻ ബലിസുഖമാസ്വാണിടുമ്പോ-
ളത്യന്തം വിലയമടഞ്ഞു ലക്ഷ്മിയെല്ലാം. 19
പാശത്താൽ സുതലമതികൽ ബദ്ധനായി
ക്ലേശത്തോടവിടെയവൻ ചിരം വസിച്ചു
"നാശത്തെ ക്ഷണമടയും പ്രപഞ്ചസൌഖ്യം
ചേതസ്സിൽ കരുതണ"മെന്നു ലോകരെല്ലാം. 20

നാലാം വൃത്തം.

(കേക)

1. ദുഃഖിതാനുശോചനം.

പുത്രന്മാർ മരിച്ചതുമൂലമായ് ചിത്തത്തിക-
ലത്യന്തം ദുഃഖത്തോടെ കേണുകൊണ്ടിരിക്കുന 1
അന്ധനാംധൃതരാഷ്ട്രൻതന്നെക്കണ്ടിന്ദ്രാനുജ-
നന്തരംഗത്തിൽ ഭൂരികാരുണ്യം മുഴുക്കയാൽ 2
കണ്ണീരോടനുശോചിച്ചീടിനാരഖിലരും
നിർണ്ണയം ദുഃഖിതനെയനുശോചിക്കവേണം. 3

2. ആരംഭിച്ചതവസാനിപ്പിക്കണം.

ക്ഷത്രിയന്മാരെല്ലാമൊടുങ്ങുംവരെ രാമൻ
യുദ്ധത്തിൽനിന്നതെല്ലും പിന്മാറിയില്ല പൂർവ്വം 4
ആരബ്ധമായ കാര്യം നിറവേറാതെയാരും
കാര്യത്തിൽനിന്നു പിന്മാറരുതു ജഗത്തിങ്കൽ. 5

3. ദൈവഗതി വിചിത്രമാണ്.

രാമദേവന്റെ ഭാര്യയായിട്ടും സീതാദേവി
രാക്ഷസിമാരിൽനിന്നു താപത്തെ പ്രാപിച്ചില്ല. 6
ദൈവത്തിൻഗതിയെന്നും വിചിത്രംതന്നെയെന്നു
ബോധിച്ചീടുകവേണമതിനാൽ സമസ്തരും. 7

4. ധർമ്മത്തേയും അർത്ഥത്തേയും ഒരേവിധം സേവിക്കണം.

സർവ്വങ്ങളായീടുന്ന നിഗമാഗമങ്ങടെ
സർവ്വസാരങ്ങളേയും ഗ്രഹിച്ചാ ദ്രോണാചാര്യൻ 8
ഉഗ്രമാം തപസ്സുചെയ്യർത്ഥത്തിൽ കാംക്ഷയോടേ
വ്യക്തമായ് വില്ലാളിതൻവൃത്തികളെക്കൊണ്ടുവാണാൻ. 9
അതിനാൽ ധർമ്മത്തേയുമതുപോലർത്ഥത്തേയും
മതിമാന്മാരെല്ലാരും സതതം സേവിക്കണം. 10

---

5. മഹത്പം സിദ്ധിപ്പാൻ മഹാനെ ആശ്രയിക്കണം.

ചന്ദ്രശേഖരമൂർദ്ധ്നി വസിച്ചു വിലസിടും
സുന്ദരനേകകലാത്മകനാം ചന്ദ്രൻതന്നെ. 11
അച്ചിങ്ങുന്നതുപോലെപ്പൂർണ്ണബിംബനായോനെ-
യച്ചിച്ചുവരാറില്ലാ ലോകവാസികളാരും. 12
അതിനാൽ ജഗത്തികൽ മഹത്പം സിദ്ധിപ്പാനായ്
നിതരാം മഹാൻതന്നെയാശ്രയിച്ചീടവേണം. 13

---

6. വൃദ്ധന്മാരിൽനിന്നു സന്മാർഗ്ഗബോധം ജനിപ്പിക്കണം.

ആശുഗങ്ങളെക്കൊണ്ടു നിർമ്മിച്ച തല്പത്തിൻമേ-
ലാശയശുദ്ധിയോടും ശയിച്ചു സംതൃപ്തിയെ 14
പാരമായടഞ്ഞീടും ഗാംഗേയൻ തങ്കൽനിന്നു
സാരമാം ധർമ്മങ്ങളെ ശ്രവിച്ചു ധർമ്മപുത്രൻ. 15

എത്രയോ ദുരന്തങ്ങളായീടും ദുഃഖങ്ങളെ
പ്പത്തടത്തിങ്കൽനിന്നു ദൂരത്തങ്ങകറ്റിനാൻ. 16
വാഭ്ക്യത്രയത്തിനെയടഞ്ഞമഹാനോട-
ങ്ങുത്തമമായ മാർഗ്ഗം ചോദിച്ചു ഗ്രഹിക്കേണം. 17

---

7. സർവ്വവിധത്തിലും സ്വാത്മരക്ഷ ചെയ്യണം.

ശകുനാൽ ദത്തമായ ശക്തിതൻപ്രയോഗത്താ-
ലക്പുത്രനെക്കൊണ്ടു കൊല്ലിച്ച ഘടോൽക്കചം. 18
ജീവരക്ഷയെച്ചെയ്യു പാണ്ഡവരുമൂല-
മേതൊരുവിധേനയും സ്വാത്മരക്ഷ ചെയ്യേണം. 19

---

8. ആപത്തിൽ മിത്രത്തെ ആശ്രയിക്കണം.

ഹസ്തത്തിൽ പൃഥുകോപഹാരത്തെ വഹിച്ചുകൊ-
ണ്ടത്യന്തം ദീനൻ സുദാമാവെന്ന ഭക്തശ്രേഷ്ഠൻ 20

ശ്രീകൃഷ്ണനാകും നിജ സഖിയെ പ്രാപിച്ചിട്ട
സീമാതീതമായീടും ശ്രീമത്പം പ്രാപിച്ചുതേ. 21

അതിനാലാപത്തിങ്കലെല്ലാരും സന്മിത്രത്തെ
മതിപൂർവ്വകമായിട്ടാശ്രയിച്ചീടവേണം. 22

---

9. നഗ്നസ്ത്രീവീക്ഷണം നിഷിദ്ധം.

ബാണരക്ഷണത്തിനായ് നഗ്നയായ്ഭവിച്ചോരു
ബാണമാതാവെ മുമ്പിൽ കണ്ടീട്ടു വാസുദേവൻ 23
യുദ്ധത്തിൽ പരാങ്മുഖനായിതു നഗ്നസ്ത്രീയെ-
യീക്ഷിച്ചീടരുതൊട്ടും മയ്യാദ ദീക്ഷിക്കുന്നോൻ. 24

10. കാര്യം നിർവ്വഹിപ്പാൻ ശരിയായ ത്രാണിയുള്ളവരെ ഏൽപ്പിക്കണം.

രാവണബാണഗണമേല്ക്കയാൽ പൃഥിവിയിൽ
ബോധഹീനനായ്വീണ കിടക്കും ലക്ഷ്മണന്റെ 25
മോഹാലസ്യത്തെ നീക്കി രക്ഷിപ്പാൻ രാമദേവ-
നൌഷധമാനയിപ്പാനാജ്ഞാപിച്ചതു കേട്ടു 26
വിശ്വവാൻ പവമാനനന്ദനൻ മടിയന്യേ
സാരമാമൌഷധത്തെയാനയിച്ചിതു ദൂരാൽ. 27
ഭാരത്തെ വഹിക്കുവാൻ ത്രാണിയുള്ളോരുവനെ
കാര്യനിർവ്വഹണത്തിന്നായ് നിയോഗിക്കവേണം. 28
അല്ലായ്കിലിച്ഛാഭംഗം വന്നുനേരിടുമതി-
ന്നില്ല ചിന്തിക്കിലൊരു സന്ദേഹലവംപോലും. 29

അഞ്ചാം വൃത്തം.

(അന്നനട.)

1. വിനയം നടിക്കുന്ന ചതിയനെ വിശ്വസിക്കരുതു്.

ശകുനിതന്നുടെ ചതിയനായൊരു
മകനാകും വൃകൻ ശിവഭഗവാനെ
നിതരാമാരാധിച്ചതിവിനീതനായ്
ഹിതവരം വാങ്ങി ഗിരീശനിൽനിന്നും
അനന്തരം വൃകൻ ഭവാനിയെത്തന്നെ-
യപഹരിപ്പാനായ് ഹ! ഹ! ഹ! വാഞ്ഛിച്ചും
വിനയം കാണിക്കും ചതിയനെയൊട്ടും
മനസാ വിശ്വസിക്കരുതൊരിക്കലും.

---

2. ദുഷ്ടരാജാവിന്റെ രാജ്യത്തിൽ വസിക്കരുതു്.

ദശവദനനാൽ ഭരിതമായുള്ള
വിശാലമാം ലങ്കാപുരത്തിൽ വാഴുന്ന
നിശിചരരുടെ ഗൃഹവിത്തബന്ധു-
പ്രകൃതികളെല്ലാം വിനാശം പ്രാപിച്ചു.
അതിനാൽ ദുഷ്ടനാം നൃപതി രക്ഷിക്കും
പൃഥിവിയിൽ വാസം വിവർജ്ജിക്കവേണം.

---

3. അസ്ഥാനക്രോധം നന്നല്ല.

നിരപരാധിയായ് ഭൂമി വിളങ്ങിടും
നരപതിയാകുന്നൊരംബരീഷനെ 8
അതീവ കോപിയാം മഹർഷി ദുർവ്വാസാ-
വതുലകോപേന ശപിച്ചതുമൂലം 9
മുരാരിചക്രത്താൽ നിതരാം തപ്തനായ്
പരിഖേദം പൂണ്ടു വലഞ്ഞിതു പുരാ. 10
ഒരിക്കലും കോപം പ്രകടിച്ചിടൊല്ലാ
പരം മഹത്വമുള്ളവരിലാരുമെ. 11

---

4. ശരണാഗതരക്ഷണം.

ഭുജഗനായകൻ പരുഷൻ തക്ഷകൻ
നിജജനകനെപ്പരിദംശിക്കയാൽ 12
ജ്വലിതകോപനായ് പരീക്ഷിത്തിൻസുതൻ
ചലനം കൂടാതെയുരഗയാഗത്തെ 13
നിതരാമാരംഭിച്ചഹോ മഹാഗ്നിയി-
ലിതമായ്ഹോമിച്ചതുടങ്ങി തൽക്ഷണം. 14
അവനും ഖേദിച്ചു പുരുഹൂതൻതന്നെ
സ്വജീവരക്ഷക്കായ് ശരണം പ്രാപിച്ചു. 15
സുരേന്ദ്രൻ തക്ഷകപരിരക്ഷചെയ്വാ-
നസമർത്ഥനായും ത്യജിച്ചില്ലാ ധർമ്മം. 16
ശരണം പ്രാപിക്കും ജനത്തെയാരുമേ
പരിത്യജിക്കരുതതുമൂലമൊട്ടും. 17

---

5. കുത്സിതകർമ്മനിഷേധം.

ബലനാകുംകംസൻ സ്വസോദരിതന്റെ
പല സുതന്മാരെ വിളംബമെന്നിയെ 18
ഹനിച്ചതുമൂലം തനിക്കും വേഗത്തിൽ
വിനാശം പ്രാപിപ്പാനിടയായിത്തീർന്നു. 19
അതീവ നിന്ദ്യമായിട്ടുള്ള കർമ്മത്തെ
ഹൃദി നിനവെന്യെ പ്രവർത്തിച്ചീടൊല്ലാ. 20

---

6. സജ്ജനസഹവാസത്തോടെ സമയം കഴിച്ചുകൂട്ടണം.

ജനകജതന്നെയുപേക്ഷിച്ചശേഷം
മുനിവ്രതം പൂണ്ട ദശരഥാത്മജൻ 21
മുനിമാരോടൊത്തു ഭരിച്ചു രാജ്യത്തെ
മനസ്സറപ്പൊട്ടും പുരത്തിൽ വാണിതു. 22
സമയം സജ്ജനസഹവാസത്തോടെ
നയിച്ചീടേണമേ വികല്പമെന്നിയെ. 23

---

7. പരേംഗിതജ്ഞാനം.

മറയവർ വേഷം ധരിച്ചവണ്ണമുള്ള
ഹരി ധനഞ്ജയ മരുൽസുതന്മാരെ 24
ജരാസന്ധൻ ക്ഷാത്രവിശേഷചിഹ്നത്താ-
ലറിഞ്ഞു തെല്ലുമേ പ്രയാസമെന്നിയേ. 25
പരേംഗിതജ്ഞാനം ഭവിക്കണമാർക്കും
പുറത്തുള്ളാകാരമതുകൊണ്ടതന്നെ. 26

---

8. ദുഷ്ടവന്ദനമകലത്തുവെച്ചു വേണം ചെയ്യാൻ.

ഹിരണ്യപൂവ്വനാം കശിപുവാം ദൈത്യൻ
യദൃച്ഛയാ ചെല്ലും ഹരിത്തിനെ നോക്കി. 27
പ്രണമിച്ചു സുരരിനാൽ ദുഷ്ടരെ
പ്രണമിക്കവേണമകലത്തുവെച്ചു. 28

---

9. മരണത്തെത്തടുപ്പാൻ കഴികയില്ല.

മഹർഷിശപ്തനാം പരീക്ഷിത്താം നൃപൻ
സ്വജീവരക്ഷക്കായ് പല പ്രയത്നവും 29
ത്വടിതി ചെയ്യുവെന്നിരിക്കിലും ശക്ത്യാ
കടിച്ചുകൊന്നിതു നൃപനെ തക്ഷകൻ. 30
മരണത്തെയാക്കും തടുത്തുകൊള്ളുവാ-
നതുതെന്നുള്ളതു വിവാദഹീനമാം. 31

---

10. ജഗത്ത് സത്തല്ലെന്നുള്ള ബോധം.

പുറമേ സത്തെന്നു പ്രതിഭാസിച്ചിട്ടും
പൃഥിവിയാദിയാം സമസ്തലോകവും 32
അസത്തെന്ന ബോധാൽ ജനകഭൂപാലൻ
വിമുക്തനായിട്ടു ഭവിച്ചു കേവലം. 33
അതിനാലെല്ലാരും ധരിക്കണം ജഗത്
സ്വപ്നതുല്യമാണതെന്നു ചിത്തത്തിൽ. 34

ആറാംവൃത്തം.

(തൂണകം)

1. വിഷയഭ്രമം വർജ്ജ്യമാണ്.

കാമിയായൊരഗ്നിവണ്ണ ഭൂപതിന്റനെപ്പൊഴും
കാമിനീജനത്തൊടന്തരാലയേ കലർന്നഹോ!
കാമലീല ചെയ്യുകൊണ്ടു വാഴ്കയാൽ ക്ഷയാത്തനായ്
താമസം വിനാ യമന്റെ മന്ദിരം ഗമിച്ചിതു. 1
ക്ഷേമകാംക്ഷയുള്ള സർവ്വലോകരങ്ങു സർവ്വദാ
ഭീമരോഗഹേതുവായ കാമുകത്വമേറവും
ദൂരെയങ്ങകറ്റി ലോകവാസമാചരിക്കണം
ദൂരെ നീങ്ങുമെങ്കിലോ വിനാശമെന്നു നിർണ്ണയം 2

2. മഹാപുരുഷന്മാരെ വന്ദിക്കണം.

ഏറ്റവും പതിച്ചുപോയ മങ്കയൊത്തു മോദമോ-
ടേറ്റമെന്നി ഹിംസചെയ്തു വാണുകൊണ്ടനേകനാൾ
ദുഷ്ടവൃത്തിയാചരിച്ചു വന്നൊരേകദുസ്സുരൻ
ശിഷ്ടഭാവമോടൊരിക്കൽ മാമുനിപ്രവീരരെ. 3
വന്ദനാദി ചെയ്തുകൊണ്ടു സൽക്കരിച്ചു വേണ്ടപോ-
ലെന്നമൂല മാമുനീന്ദ്രർതന്നനുഗ്രഹത്തിനാൽ
വന്ദനീയ വാമലൂരജാതനാം മുനീന്ദ്രനായ്
വന്ദനീയരെ ശ്രയിപ്പിനേവരും ജനങ്ങളേ. 4

3. പരസ്ത്രീകളെ കാംക്ഷിക്കരുത്.

നീചനായ കീചകൻ രഹസ്ഥലത്തു വന്നിടും
വ്യാജഹീനയായിടുന്ന യാജ്ഞസേനിയെബ്ബലാൽ
രാത്രി കാമബാധയാലുപദ്രവിക്കകാരണം
സത്വരം വധിച്ചു ഭീമനക്രൂരദുഷ്ടനെ. 5
ലോകവാസസൌഖ്യമങ്ങു വേണമെന്നു മാനസാ
കാംക്ഷയുള്ള ലോകജാതരായിടും സമസ്തരും
സാധുശീലപൂണ്ണരാം പരാംഗനാജനങ്ങളെ-
യേതുമേയുപദ്രവിച്ചിടൊല്ല കാമബാധയാൽ. 6

4. നിസ്സഹായനായി ശത്രുമദ്ധ്യത്തിൽ പ്രവേശിക്കരുത്.

ശത്രുഭാവമുള്ള ഭൂരികൌരവപ്രമാണികൾ
സത്വരം സസൈന്യമദ്ധ്യമേകനായി വന്നിടും
ഭദ്രതൻകുമാരനേ വധിച്ച ശങ്കയെന്നിയേ;
ശത്രുമദ്ധ്യമേകനായ് ഗമിച്ചിടൊല്ലൊരുത്തരും. 7

5. കഷ്ടാവസ്ഥയെ വെളിപ്പെടുത്തരുത്.

അക്ഷലീലകൊണ്ടു പണ്ടു നൈഷധക്ഷിതീശ്വരൻ
പുഷ്കരങ്കൽനിന്നടഞ്ഞിതേറവും പരാജയം
തൽക്ഷണം ഗമിച്ചയോദ്ധ്യ ഗ്രുഢമായ് വസിച്ചുതേ;
കഷ്ടകാലമാരുമേ വെളിപ്പെടുത്തുകൊല്ലിഹ. 8

6 ഘോരമായ നിജധർമ്മത്തെയും രക്ഷിക്കണം.

ക്ഷാത്രധർമ്മമജ്ജുനൻ വിചിന്ത്യമാന്യരായിട്ട-
ന്നത്തമാനപ്രിയ ജനിച്ച തൻഗുരുക്കളോടഹോ!
യുദ്ധമേറവും ഘോരമെന്നിരിക്കിലും ധനഞ്ജയൻ
കൃത്യമായ് സ്വധർമ്മരക്ഷ ചെയ്തിടേണമെപ്പൊഴും. 9

7. ദാനം യഥായോഗ്യമായിരിക്കണം.

ക്ഷീരസിന്ധുവേ മഥിച്ചുവാ പൊന്തിവന്നൊര-
സ്സാരമുള്ള നൽസുധാം സുരക്കു നൽകി മാധവൻ
ഘോരമദ്യമാദിതേയവൈരികൾക്കുമേകിനാൻ
നേരൊടങ്ങു തക്ക വസ്തു തക്കവക്കു നൽകണം! 10

8. മദ്യപാനവർജ്ജനം.

പ്പൈകമത്യമേറെയുള്ള യാദവപ്രവീരര-
സ്സോകമായ മദ്യവും കഴിച്ചഹോ! മദത്തൊട്ടും
വേഗമോടടിച്ചിടിച്ചു തമ്മിലൊക്കെ നഷ്ടരായ്
ധീകെടുക്കുമാസവം കഴിച്ചിടൊല്ല ബുദ്ധിമാൻ. 11

9. ഒരിടത്തും ക്ഷണിക്കാതെ ചെല്ലരുതു്.

ദക്ഷനാം പിതാവുതന്റെ യാഗവേളയിൽ പുരാ
ദക്ഷപുത്രിയേതുമേ ക്ഷണിച്ചിടാതെ ചെൽകയാൽ
ലക്ഷ്യമാക്കിയില്ല താതനാത്മജാതയെത്തദാ
തൽക്ഷണം മരിച്ചുദേവി മാനഹാനിമൂലമായ്. 12

അല്ലയോ ജനങ്ങളേ! പിതാവുതൻ സ്ഥലത്തിലും
ചെല്ലുകൊല്ലൊരിക്കലും ക്ഷണിച്ചിടാതെ നിങ്ങളും;
ചെയ്തിലീവിധം ശിവയ്ക്കു സംഭവിച്ചപോലവേ
തെല്ലുമീഷലില്ല സംഭവിക്കുവെന്നതോർക്കുവിൻ. 13

10. വ്യാജവധം.

യാദവക്ഷയൈകനായ പാരസീകദുഷ്ടനെ
യാദവേശനായ കൃഷ്ണനേറവും ഛലത്തോടെ
നിദ്രിതാന്യമാർഗ്ഗമായ് വധിച്ചു നിഷ്പ്രയാസമായ്
ശത്രുവെച്ചതിച്ചമേ വധിച്ചിടാമസംശയം. 14

11. ശത്രു സദാ ശങ്കനീയനാണ്.

പോരിലദ്ദിനംവരേ ജരാത്മജം ത്രിവിക്രമൻ
തീരെ വെന്നുവെങ്കിലും ഭയന്നവങ്കൽ നിന്നഹോ!
ഘോരമായ പശ്ചിമപ്രദേശനീരരാശിയിൽ
വൈരിദുർഗ്ഗമായ് മനോജ്ഞമാകുമേകപട്ടണം 15

ശില്പിവര്യവിശ്വകർമ്മചാതുരിയ്ക്കു ലക്ഷ്യമായ്
ശില്പമോടു തീർത്തു കൃഷ്ണനായതിങ്കൽ വാണിതു;
എത്രവാരമങ്ങുവെന്ന ശത്രുവിങ്കലും പുമാൻ
സാദ്ധ്വസം വെടിഞ്ഞിടാതെ കണ്ടുതന്നെ വാഴണം. 16

ഏഴാം വൃത്തം.

(ആര്യാഗീതം.)

1. ശാന്തനായ താപസനെ കുപിതനാക്കരുത്.

സഗരസുതന്മാർ യാഗ-
ക്കുതിരയെയെങ്ങും തിരഞ്ഞു നടകൊണ്ടു
കപിലമുനീശ്വരനികടം
വിപുലാരംഭത്തൊടങ്ങണഞ്ഞു ജവാൽ. 1
ഋഷിയെക്കുപിതനതാക്കി-
സ്സകലരുമൊന്നിച്ചതിന്റെ ഫലമായി
സഹസാ നാശമടഞ്ഞൂ;
കുപിതനതാക്കൊല്ല മുനിയെയിങ്ങാരും. 2

2. കാമുകനാകരുത്.

വിശ്വാമിത്രൻ മുനിയായ്
തീർന്നിട്ടും ശ്വാവുതന്റെ വടിവാൻ
ഉർവ്വശിതന്നിൽ കാംക്ഷാ-
വശനായ്ത്താനാരുമൊട്ടുമറിയാതെ 3
അവളെയനുക്ഷണമഹഹാ!
അനുഗമനംചെയ്തു കാമപീഡിതനായ്
അതിനാൽ ദുർജ്ജയനാകും-
രതിപതിയിലഭീതിയാക്കുമേ വേണം. 4

3. ഗർവ്വ് വർജ്ജനം.

രാത്രിചരേശ്വരനാകും
പത്തുമുഖൻ ശക്തനെന്ന ഗർവ്വത്താൽ,
ഇത്രൈലോക്യത്തിങ്കൽ
പ്രഖ്യാതിയടഞ്ഞ ശൂരരെപ്പാരം
പുൽക്കൊടിപോൽ മനസി ഗണി-
ച്ചുദ്ധതഭാവേന വാണതിനുമൂലം
മക്കടവീരനിൽനിന്നവ-
നത്യന്തപരാജയത്തിനിടയായി.

ചേതസി ബോധം പാരം
ജാതമതായുള്ള മർത്ത്യരെല്ലാം
നീതിനിലയോർത്തു ദൃഢം
ചേതോമുകുരത്തിൽനിന്നു നീക്കേണം.

4. സ്ഥിരോത്സാഹം വേണം.

തൻ ജനനീ വചനാസ്ത്രം
നെഞ്ചിൽ പാരം തറയ്ക്കയാൽ ധ്രുവനും
പഞ്ചവയസ്സുനതാകിലു-
മഞ്ചാതെ തപസ്സു ഘോരമായ്ചെയ്തു.

ഏറ്റവുമുന്നതമാം പദ-
മെത്തി നിതാന്തം വിളങ്ങി ലോകത്തിൽ;
മുറ്റും വ്യവസായത്തിൽ
പറ്റിക്കൂടേണമേവനും ലോകേ.

5. പ്രമദകളെ അതിയായ് മാനിക്കരുതു.

മറവുള്ള ഗോപനാരി-
ക്കുട്ടമതിങ്കലന്നു രാധയേശ്ശ്രേഷ്ഠം
ഏറ്റം ബഹുമാനത്തോ-
ടൊറ്റക്കായ്ക്കൊണ്ടുപോയി നന്ദസുതൻ 10
ശങ്കയെടിഞ്ഞവളപ്പോൾ
തങ്കീഴിൽപെട്ട കൃഷ്ണനെന്നോത്തു
ശ്രാന്തി നടിച്ചവളോടിഃ
"കാന്ത! വഹിക്കേണമെന്നെ"യെന്നിത്ഥം. 11

പ്രമദാജനങ്ങളെത്താ-
നതിനാൽ സീമാവിഹീനമായാരും
ബഹുമാനിക്കരുതെന്നാ-
ലിഹ വന്നു ഭവിക്കുമീവിധം നൂനം. 12

6. ശഠവിവാദവജ്ജനം.

വൈഷ്ണവലിംഗം പൂണ്ടും
വിഷ്ണുവതെന്നുള്ള നാട്യമുൾക്കൊണ്ടും
തീക്ഷ്ണം ജല്പിച്ചിട്ടും
രുക്ഷസൃഗാലന്റെ ഭാഷിതം കേട്ടു. 13

സഹസാ ഭഗവാൻ കൃഷ്ണൻ
സഹാസനായിബ്ഭവിച്ചിതങ്ങേറെ
ശംജനമൊത്തൊരുപൊഴുതും
തുടരരുതേ വാഗ്വിവാദമൊരു നരനും. 14

7. ബന്ധുവിന്റെ ശത്രുവിനെ സ്വന്തശത്രുവിനെപ്പോലെ വിചാരിക്കണം.

അജകുലജാതൻ രാമൻ
നിജസലിരിപുവായ ബാലിയെച്ചൊല്ലമായ്
കൊന്നിതു കഠിനമതൊന്നും
തന്നൊട്ട ചെയ്യില്ലയെങ്കിലും തുണ്ണം. 15
നിജമിത്രത്തിൻ രിപുവേ
നിജ രിപുവേപ്പോൽ ഗണിച്ചുകൊണ്ടേറ്റം
വ്യാജപ്രയോഗമെങ്കിലു-
മാജിയിലംഗീകരിച്ചൊട്ടുക്കിടണം. 16

---

8. അനുനയത്താലുണ്ടായ നന്മ.

ഹലധരനാം ബലരാമൻ
വലിയൊരു കോപം കലർന്ന ഹലമതിനാൽ
കുരുപുരിപൊക്കിത്തടിനിയി-
ലുരുതരവേഗേന ചേർപ്പതിന്നായി. 17
പരമദ്യമിച്ച നേരം
കുരുവീരരട്ടത്തുവന്ന വിനയേന
കാരോരനുനയമോതി-
പ്പാരാതെ വഴിപ്പെടുത്തി ഹലധരനെ. 18
കോപിഷ്ഠനായ രാമൻ
കോപമുപേക്ഷിച്ച ശാന്തനായ്ത്തീർന്നാൽ
കോപവശനാം പുമാൻതൻ-
കോപമടക്കേണമനുനയംകൊണ്ടു. 19

ശത്രു ചെയ്ത കുറ്റം ക്ഷമിക്കണം.

സപ്താന്തേവാസികുമാരകർ
ബന്ധിച്ചു പുരസ്സമർപ്പണം ചെയ്ക
അന്തർഗ്ഗതമതനാകും
പാഞ്ചാലക്ഷിതിപനെ ദ്രോണൻ, 20
കുറക്കാരനതെങ്കിലു-
മേറ്റം കോപം വെടിഞ്ഞു മടിയന്യേ
തെറ്റെന്നു വിട്ടയച്ചു;
മത്ഭ്യൻ ക്ഷമിയായ്ഭവിക്കണം നിയതം. 21

എട്ടാം വൃത്തം.

(മുകണം)

1. വൈരകാരണത്തെ വർജ്ജിക്കണം.

രാജസൂയയാഗവേളതന്നിലസ്സുയോധനൻ
വ്യാജമോടു ദൈത്യശില്പി തീർത്ത യന്ത്രമണ്ഡപേ
ചെന്നുടൻ ജലസ്ഥലഭ്രമംനിമിത്തമന്ധനായ്
നീന്നുഴന്നുപോവതുങ്കണ്ടു ഭീമസേനനും. 1

എത്രയോ ഹസിക്കയാൽ ഭവിച്ചതാണു ഭാരതം
യുദ്ധമെന്നു ലോകരങ്ങറിഞ്ഞ കാര്യമല്ലയോ?
എന്നാമൂലമാരുമേ വിരോധകാര്യമൊന്നുമ-
ന്യനോടു ചെയ്യുപോക നല്ലതല്ല നിർണ്ണയം. 2

---

2. സവ്വക്കും ഹിതമായ കായ്യമാചരിക്കണം.

തന്നുടേ പിതൃക്കളെസ്വകീയമായ ദുഷ്കൃതം
തന്നിൽനിന്നകറവാൻ ഭഗീരഥൻ ക്ഷമാതലേ
ജാഹ്നവീസരിത്തിനേ വരുത്തി മറവപേരെയും
മാന്യരാക്കി മാൽകൈടുത്തുതാൻ വിശുദ്ധരാക്കിനാൻ 3
മൂന്നുലോകവാസമാചരിച്ചിടുന്ന സവ്വരും
മാന്ദ്യമാകവേയൊഴിച്ചു ശുദ്ധമായ ഹൃത്തൊടും
എന്നുമാത്മബന്ധമുള്ളവക്കു മാത്രമല്ലമ-
റന്യരായവക്കുമിഷ്ടമേകണം സ്വകമ്മണാ. 4

3. വൈരത്തിന്നു മുഖ്യകാരണം സ്ത്രീയാണെന്നു ബോധിക്കണം.

ഗീഷ്പതിക്കു ഭായ്യയായ താരയെന്ന നാരിയേ-
യുംപ്രമോദമാഹരിച്ച ചന്ദ്രനെന്ന കാരണാൽ
യുദ്ധമേറവ ദേവസംഘമേറവും പരസ്പരം
ചിത്തതാരിലോക്കണം വധൂ വിരോധകാരണം. 5

4. നീചത്വമുള്ളവരെ സംഗ്രഹത്തിൽ പാപ്പിക്കരുത്.

ബ്രഹ്മദത്ത ഭൂവരന്റെ മന്ദിരേ ചിരം വസി-
ച്ചുന്മദിച്ച പൂജനീയയെന്ന നാമധാരിണി
രാജപുത്ര ദുഷ്ടിഹാനിചെയ്യുവെന്ന മൂലമാ-
യുന്മദിച്ച നീചനെക്കടത്തിടൊല്ല മന്ദിരേ. 6

5. ദുഷ്പ്രാപമായ കാര്യത്തിൽ ഗർവ്വത്താൽ ഹഠാൽകാരം നന്നല്ല.

ഗാധിപുത്രനേറെയാശവായ്ക്കയാൽ ബലാൽപരം
താപസേന്ദ്രനാം വസിഷ്ഠധേനുവേ ഹരിക്കുവാൻ
ജാതദർപ്പനായ് മുതിർന്നുവെങ്കിലും ഫലിച്ചിതോ
ഹാ! ഹഠം തുടങ്ങിടൊല്ലലഭ്യമായ വസ്തുവിൽ. 7

6. ശത്രുവിന്റെ വിരോധിയെ സ്നേഹിതനാക്കണം

സവ്യസാചിയോടു വൈരമാവഹിച്ചു കൃഷ്ണനാം
സൂര്യപുത്രനായിടുന്ന കർണ്ണനെക്കുരുക്കളും
സഖീകരിച്ച മിത്രമായ് സശത്രുവിൻ വിരോധിയേ;
സഖീകരിച്ചിടേണമിഷ്ടതോഴനായി ലോകരും. 8

7. കാര്യാർത്ഥി മാനത്തെ വഹിക്കരുത്.

ശത്രുവർഗ്ഗനാശനത്തിനേറവും സഹായനായ്
മിത്രഭൂതനായിടും കരുൽസ്ഥപനെപ്പരാ
വൃത്തവൈരികാളയായ് കഴുത്തിലിഷ്ടമെന്നിയേ
ശ്രദ്ധയാ വഹിച്ചുകൊണ്ടു തൃപ്തനായ് ഭവിച്ചതേ. 9
കാര്യസാദ്ധ്യകാംക്ഷയുള്ള ലോകരൊക്കെയെപ്പൊഴും
വീര്യവാനതെന്നവസ്ഥയൊട്ടുമോർത്തിടാതെയും
മാനസത്തിൽ മാനഹാനിയെണ്ണിടാതെയും വഴി-
ജ്ഞാനയിക്കവേണമേ സഫലീയമായ ജീവിതം. 10

8. സജ്ജനശാപം ഹ്രണകരമാണെന്നറിയണം.

ഗൌതമന്റെ ഭാര്യയാമഹല്യയെക്കൊതിക്കയാൽ
ഗൌതമൻ ക്രുദ്ധാന്ധനായ് ദേവനേത്രനാകുമിന്ദ്രനെ
ശാപമേകിയഞ്ജസാ സഹസ്രനേത്രനാക്കിനാൻ;
താപസാദി സജ്ജനം ശപിപ്പതും ഹ്രണത്തിനാം. 11

9. അല്പജ്ഞാനത്താൽ ഭരിയെ രക്ഷിക്കണം.

യുദ്ധകർമ്മമാവഹിപ്പതിന്നൊരുങ്ങിവന്നിടും
പങ്കജാക്ഷനാഭനായ സിംഹളേശനായ്ദ്ധനേശ്വരൻ
പുഷ്പകം വിമാനമേകമേകിയങ്ങു കാത്തുതാൻ
പുഷ്കലം വിശാലയെന്ന ശോഭപൂണ്ട പട്ടണം. 12
കായ്കകാലമാഗമിച്ചിടുമ്പൊളങ്ങു സർവ്വരും
ധൈര്യമോടുമല്പവസ്തു നല്കിയേറെ വസ്തുവെ
രക്ഷചെയ്യുവേണമെന്നിതിന്റെ സാരമെന്നു താൻ
ശിക്ഷയോടു സർവ്വരും വിചാരമാന്നിടേണമേ. 13

10. കഴിഞ്ഞതിനെക്കുറിച്ചു ദുഃഖിക്കരുതു്.

എല്ലായും പ്രിയംകലർന്ന വീരവീരനായിടും
ഭ്രാതൻ വിനീതനായ പുത്രനെക്കുരുക്കളും
യുദ്ധമേറെ ശങ്കവിട്ടു കൊന്നുവെന്നിരിക്കിലും
യുദ്ധവീരനായിടുന്ന സവ്യസാചിയൊട്ടുമേ. 14
ദുഃഖമാവഹിച്ചിടാതെ തന്നെ വാശിയോടഹോ
യുദ്ധകർമ്മമാവഹിച്ച ധൈര്യമോടു ഘോരമായ്
എന്നമൂലമേവരും കഴിഞ്ഞകായ്മോർത്തുകൊ-
ണ്ടെന്നുമാവഹിച്ചിടൊല്ല ശോകലേശമെങ്കിലും. 15

ഒന്നാമ്പാംവൃത്തം.

(സ്രാഗ്ഗതം.)

1. ഭാവിയോർത്തു വ്യസനിക്കരുത്.

ബാദരായണമുനിപ്രവരോക്തം
ഭാവിഭീതികരമായൊരുദന്തം
കേട്ട വീരജനമേജയഭൂപൻ
ക്ലിഷ്ടതയ്ക്കു വശനായി നിതാന്തം. 1
നിത്യവും ഹൃദയസീമനിയോരോ-
ന്നോർത്തുകൊണ്ടു നിവസിച്ചു ഗൃഹത്തിൽ
ആകയാലകതലത്തിലൊരാളും
ഭാവിയോർത്തു തുയിർതേടരുതൊട്ടും. 2

---

2. ബുദ്ധിമാൻ സ്വവൃത്തിയെ അനുവർത്തിക്കണം.

തേജസാംനിധിയഹസ്കരബീജം,
കുന്തിതൻ പ്രഥമ ചാരുകുമാരൻ
എന്ന സംഗതി യഥാർത്ഥമതാണ-
ങ്ങെന്നിരിക്കിലുമിഹത്തിൽ വസിപ്പോർ 3
അന്യസേവകനതായൊരു കണ്ണും
രാധതൻതനയനെന്നു നിനച്ചാർ;
ബുദ്ധിമാൻ ചെറുതു സംശയമെന്നേ
സ്വന്തവൃത്തിയൊടു ചേർന്നിടുമെന്നും. 4

---

3. പ്രഭുവിന്റെ മനസ്സിനെ അനുവർത്തനം ചെയ്യണം

കായ്മസാരമറിയുന്നവനാകും
നാരദഷി വസുദേവസുതന്റെ
അന്യജായകളെയൊക്കെ വെടിഞ്ഞു
സത്യഭാമയുടെ ഹസ്തലത്തിൽ, 5
പ്രീതിയോടു ഹൃദി ദിവ്യമതാകും
ശോഭനം കുസുമരത്നമതേകി
ശ്രദ്ധയാ പ്രഭുമനഃസ്ഥിതിയോട-
ങ്ങൊത്തു കൃത്യമതു ചെയ്യണമാരും. 6

4. ഒന്നിലധികം ഭാര്യമാരുള്ളവൻ കരുത്തിയിൽമാത്രം പ്രീതിവെക്കരുത്.

അന്യജായകളെയൊക്കെ വെടിഞ്ഞു
രോഹിണീവശഗനായിതു ചന്ദ്രൻ
ദക്ഷനപ്പൊഴതു ശാപമതേകി
യക്ഷ്മപീഡിതനതായ് ശശി വേഗാൽ 7
കന്നിലേറെയിഹ ജായകളുള്ളോൻ
നന്നെയുള്ളിൽ നിനവോടനുവേലം
ഏകജായയതിൽമാത്രമതീവ
സ്നേഹവഷ്മതു ചെയ്കരുതെന്നും. 8

5. ശിക്ഷാഹ്നല്ലാത്തവനെ ശിക്ഷിക്കരുത്.

ഏറെയുഗ്രതരമായ തപസ്സാൽ
ദൂരമേയഘമകറ്റി വസിക്കും
മണ്ഡുസൂനുവിനു ദണ്ഡധരൻ താൻ
ദണ്ഡമേകിയതു കാരണമായി. 9
താണജാതിയിൽ ജനിപ്പതിനായി
ക്ഷ്മീണശാന്തിയുതനുനി ശാപം
നല്കിനാനതിനൊഴം ഫലമത്രേ
ധർമ്മരാജനനുഭൂതമതായി. 10
കനുകൊണ്ടുമിഹദണ്ഡനകായ്മം
തന്നിലേല്പതിനനർഹനതാകും
ധന്യനീവിധമഹോ ഖലുദണ്ഡം
നല്കിയെങ്കിൽ വരുമേവമനർത്ഥം. 11

6. രാത്രിയിൽ ഗാഢനിദ്ര നന്നല്ല.

ഹന്ത! സൂക്ഷ്മണിവാഞ്ഛ നിമിത്തം
സ്വാന്തപൂവ്വമഹ! ഹാ! ശതധന്വാ
രാത്രിയിൽ സുദൃഢനിദ്രിതനാം സ-
ത്രാജിതം യമപുരത്തിനയച്ചാൻ. 12
സ്വന്തമായ ഭവനത്തിലുമോത്താ-
ലണ്ഡനായ് നിശിയുറങ്ങരുതാരും
ചിന്തിയാതിതു നടപ്പവരെല്ലാം
ഹന്ത! നാശമടയും തടവന്യേ. 13

7. കാലാനുരൂപമായ ശീലത്തെ വഹിക്കണം.

ഗാധിസൂനുമതിയിൽ കൃപയെന്യേ
ഹാ! വധിച്ച നിജ പുത്രരെയെല്ലാം
എങ്കിലും, പരമവിശ്രുതപസ്വി
ബ്രഹ്മനന്ദനവസിഷ്ഠ മുനീന്ദ്രൻ 14

ലജ്ജ പൂണ്ടു ഹൃദയേ പ്രതികർമ്മം
നിർണ്ണയത്വമൊട്ട ചെയ്യതിനായി;
സർവ്വരും കുലമഹത്വസമാനം
നിർവ്വഹിച്ചിടണമേ നിജശീലം. 15

8. കായ്യം വിനയത്തോടുകൂടി സാധിപ്പിക്കണം.

വീണ്ടുമേ മൃതിയടഞ്ഞവനും കൂ-
ടങ്ങു ജീവിതമതേകിടുവാനായ്
ശക്തയായമൃതജീവനവിദ്യാ-
മെത്രയും വിനയഭാവമിയന്നു. 16

ദാനവാരി ഹിതകാരി കചൻ താൻ
ദാനവക്കു ഗുരു ശുക്രനിൽനിന്നു
കസ്തലാക്കിയതുപോൽ വിനയത്താൽ
കസ്തലാക്കണമിഹാഖിലകായ്യം. 17

9. രാജാവിനെ ബന്ധുവായി കരുതരുത്.

ദ്രോണനങ്ങു നികടം ദ്രുപദന്റെ
സാവധാനമൊട്ട ചെന്നൊരു കാലം
"ഭൂപ! നാമിരുവരും സഖ"രെന്ന-
ദ്രോണരോതിയതു കേട്ട ധരേന്ദ്രൻ. 18

സാമ്യമെന്നതു നമുക്കിരുപേക്ഷം
സല്പമില്ലതിനു കാരണമോതാം
ഞാൻ രഥിപ്രവരനാണു; ഭവാന-
ങ്ങായതിനു വിപരീതനുമാണ്. 19

എന്നമൂലമിഹ നോക്കിരുപേക്ഷം
നന്നെ നാസ്യു സഖിഭാവമതോക്കിൽ
യജ്ഞസേന നൃപതീന്ദ്രനുമേവം
കെല്പൊടോതി വിരമിച്ചതുമന്ദം. 20

ചിത്തശുദ്ധിയതു ലേശവുമില്ലാ-
തുശ്ചതാവനിപതീന്ദ്രനെയൊട്ടും
മിത്രമായ് കരുതിടൊല്ലൊരു നാളും
ബുദ്ധിയുള്ളജനമെന്നിതു സത്യം. 21

11. പൂർവ്വസ്ഥിതിയെ രക്ഷിക്കണം.

ഭോജഭൂപതി വധത്തിനുശേഷം
പൂജനീയ വസുദേവതനുജൻ
ശാപമപ്പടി യയാതിനൃപന്റെ
സാപഹാസമകലത്തിഹ നീക്കാൻ. 22

ശക്തിയുള്ളവനതെങ്കിലുമേ ഭൂ-
കൈയ്ക്കലാക്കുവതിനായ്ക്കരുതീലാ.
സർവ്വരും ജഗതി മുൻസ്ഥിതിതന്നെ-
ഗ്ഗർവ്വുകന്നനുസരിച്ചു വരേണം. 23

പത്താം വൃത്തം.

(ഹരിണപ്ലുതം.)

1. വീരൻ യുദ്ധത്തിൽ പിൻതിരിയരുത്.

യുദ്ധഭൂമിയിൽവച്ചുധിക്കുതി ശാങ്ഗിചെയ്തൊരുകാരണാ-
ലെതുയും വിമുഖതചമഞ്ഞ ഗദാത്തനായൊരു ദുഷ്ടകൻ,
ചിത്തതാരിലടഞ്ഞുചീത്ത പരാഭവത്തെ;യൊരിക്കലും
യുദ്ധഭൂമിയിൽനിന്നു ധീരനൊഴിച്ചിടൊല്ല കുറചുമേ. 1

---

2. താണവങ്കൽനിന്നും സൽഗ്രുണം ഗ്രഹിക്കണം.

അത്രിപുത്രനതായദത്തമുനീന്ദ്രനസ്രുചയത്തിനെ
ശ്രദ്ധയോടു രചിച്ചിടുന്ന പുമാന്റെ ചിത്തസമാധിയിൽ
എതുയും ബഹുമാനമോടതുപോലെ യോഗവുമാദരാ-
ലഭ്യസിച്ചു;ഗുണംഗ്രഹിക്കണമെത്രനീചനിൽനിന്നുമേ.2

---

3. മായാവിയിൽ മായയെ പ്രയോഗിക്കരുത്.

കാലിമേച്ചുനടന്നിടുന്ന കുമാരരേയുമൊരേവിധം
കാലിതന്നെയു മേ ഹരിച്ചു ചതിച്ചു കൃഷ്ണനെ നാന്മുഖൻ
വഞ്ചനക്കുഴിയിൽ സ്വയം സഹസയ്യവീണ വലഞ്ഞുതേ
വാഞ്ഛവെയ്യരുതിങ്ങുമായയിൽ മായയെ പ്രകടിക്കുവാൻ

---

4. തനിയെ കാട്ടിൽ സഞ്ചരിക്കരുത്.

സൈന്യഹീനനതായ്പ്രസേനയടുപ്രവീരകനേകനായ്
വന്യസീമനി നീളവേ മൃഗയാവിനോദകുതൂഹലി
സഞ്ചരിച്ചൊരുനേരമേകമൃഗേന്ദ്രനോടിയടുത്തുടൻ
ചഞ്ചലംകലരാതെകണ്ടവനെപ്പിടിച്ചു ഹനിച്ചതേ. 4
എന്നമൂലമതീവഘോരവനാന്തരങ്ങളിലേകനായ്
ചെന്നുപോരുവതിന്നു ലോകരിലാരുമേ തുനിയില്ലഹോ! 5

---

5. കള്ളസാക്ഷി പറയരുത്.

കണ്ടിടാത്ത ശിവന്റെ ലിംഗമതിന്റെയന്തമജന്നഹോ!
കണ്ടുകിട്ടിയതായുരച്ചിതു കാമധേനുവസത്യമായ്
ഏറുതൽക്ഷണമായവഠിക്കതി നിന്ദ്യമാകിയ ശാപവും
ചെറുമാരുമുരച്ചിടൊല്ലിഹ കൂടസാക്ഷ്യമൊരിക്കലും. 6

---

6. പുത്രകൽനിന്നു പരാജയത്തെ ഇച്ഛിക്കണം.

യുദ്ധഭൂമിയിൽവച്ചുതൻ പ്രിയപുത്രനായി വിളങ്ങിട്ടും
ബദ്ധവാഹനനാൽ പരാജിതനാകിലും വിജയൻപരം
ചിത്തമോദമിയന്നു ലജ്ജയകറ്റിവാണു; കൊതിക്കണം
ചിത്തകൌതുകമോടുതൻ തനയങ്കൽനിന്നു പരാജയം. 7

---

7. ദുഃഖം ബന്ധുവിനെ അറിയിക്കണം.

എത്രയോദിനമായ്ക്കൊരിച്ചൊരു കൃഷ്ണദർശനമേകദാ
ലബ്ധമായി പൃഥയ്ക്കു ധർമ്മപുരത്തിൽവെച്ചവളും തദാ
ദൈത്യവൈരിയൊടങ്ങു തന്നുടെദുഃഖമൊക്കെയു
[മോതിനാഥം
ചിത്തദുഃഖമുരയ്ക്കണം നിജ ബന്ധുവോടു സമസ്യരും. 8

---

8. ഭീതൻ വിഷ്ണുവിനെ ശരണം പ്രാപിക്കണം.

ഭക്തിയോടു നിജാംഘ്രിയെശ്ശരണംഗമിച്ചവരായിട്ടും
നക്രബാധിതനായ്ഭവിച്ചൊരു ഗന്ധിരാജനെയും തഥാ
ദുഷ്ടശാസനനാലുപദ്രുതയായ കൃഷ്ണയെയും മുദാ
ഭക്തരിൽ കൃപയേറെയുള്ളൊരു ചക്രപാണിജനാർദ്ദനൻ 9
വേഗമോടു ഭരിച്ച ഭീതികലർന്നിടുന്നൊരു പൂരുഷൻ
സാധുരക്ഷണശീലനായൊരു ദാനവാരിമുകുന്ദനെ
പാലനക്രിയചെയ്യുതിന്നു വിനാവിളംബനമങ്ങസാ
സാദരം ശരണം ഗമിക്കണമൊട്ടുമീഷലതെന്നിയേ. 10

---

9. വിധിയെ അനുസരിച്ചു പ്രവർത്തിക്കണം

കാട്ടിൽവെച്ചു യദൃച്ഛയാ നിജ ഹസ്തലബ്ധയതായിട്ടും
ശുക്രനന്ദിനിയായിടുന്നൊരു ദേവയാനിയെയേകദാ
ജാതിഭേദവിചാരമെന്നിയെ വേട്ടുകൊണ്ടു യയാതിപ-
ണ്ടീശരേച്ഛയെ കാത്തുകൊണ്ടു നടന്നുകൊള്ളണമേവരും

---

10. സദാ ഹിതോപദേശത്തെ കേൾക്കണം.

പ്രഹ്ലാദൻ ദിതിജാനപയത്തിലുളവാ-
യുള്ളോനതെന്നാകിലും
ഗർഭത്തിൽ സ്ഥിതിചെയ്യിടുന്ന സമയം
ശ്രീ നാരദപ്രോക്തമായ്
അത്യന്തം ഹിതമായിടുന്നൊരുപദേ-
ശത്തിൻ ബലത്താൽ പരം
തത്വജ്ഞാഗ്രസരത്വമാൻ ഭുവനേ
കീർത്ത്യാ വിളങ്ങീടിനാൻ. 12
അതിനാൽ ഭുവനേ നിവാസികളാം
ഹിതമാമുപദേശമാദരത്തോടെ
സതതം ശ്രവിച്ചീടണം
മതിയിൽ മടിതെല്ലുമെന്നിയേ നിയതം. 13
ഹൃദയംഗമമായുള്ളോരുദാഹരണപൂർവ്വകം
വിരചിച്ചുവിളങ്ങുന്നീയുപദേശശതത്തിനെ 14
ശ്രദ്ധയോടുപഠിച്ചോർത്തു വസിച്ചീടുന്ന പൂരുഷൻ
ഉത്തമോത്തമമായുള്ള സിദ്ധിയേയടയും ദൃഢം. 15

ശുഭം ഭവതു.

Printed at the Saraswathi Elec. Ptg. & Pbg. House, Trichur.

272

ഗ്രന്ഥകർത്താവിന്റെ
ഇതരകൃതികൾ.

ദണ്ഡപാണിസ്തവം	...	...	0—1—0
ശ്രീനികേതനം (നവീനകഥ)		...	1—2—0
സതീരത്നം	...	...	0-12—0
നീതിബോധോദയം	...	...	0—4—6

ആവശ്യപ്പെടേണ്ടും മേൽവിലാസം:—

നെയ്തിലത്തു ലക്ഷ്മിക്കുട്ടി അമ്മ,
പുഞ്ചൽപുര—കൊല്ലങ്കോട്ട് പോസ്റ്റ്,
(മലബാർ)